പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4332 — 26.06.2014 - ൽ മറുപടിക്ക്

# ബുദ്ധിവൈകല്യമുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ബുദ്ധിവൈകല്യമുള്ള വിദ്യാർത്ഥികൾക്കുള്ള ഐ.ഇ.ഡി. സ്കോളർഷിപ്പ്, വിദ്യാർത്ഥികൾക്ക് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ : | (എ) | എ.ഇ.ഒ., ഡി.ഇ.ഒ., ആർ.ഡി.ഡി. (എച്ച്.എസ്.ഇ.), എ.ഡി. (വി.എച്ച്.എസ്.ഇ.) എന്നീ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന പട്ടിക പ്രകാരമാണ് ഫണ്ട് അനുവദിക്കുന്നത്. പട്ടിക പരിശോധിച്ച് അർഹരായവർക്കെല്ലാം ഫണ്ട് അനുവദിക്കുന്നുണ്ട്. ഏതെങ്കിലും വിധത്തിൽ പട്ടികയിൽ ഉൾപ്പെടാത്ത വൈകല്യമുള്ള അർഹരായ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ട്. കുട്ടികളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്കാണ് മേൽ സൂചിപ്പിച്ച ഓഫീസുകളിൽ നിന്നും ഫണ്ട് നൽകുന്നത്. |
| (ബി) | പ്രസ്തുത സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ : | (ബി) | സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലെന്ന പരാതികളിൽ നടപടി സ്വീകരിക്കാറുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആ വർഷമോ അതല്ലെങ്കിൽ **arrear** ആയോ ഫണ്ട് നൽകാൻ നിർദ്ദേശം നൽകാറുണ്ട്. |
| (സി) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | വിദ്യാർത്ഥികൾക്ക് എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിൽ വീഴ്ചയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ഇ) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ